"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് ഡയറക്ടർ - ശ്രീ. അനിൽ കെ ആന്റോ, നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.33/2025/AGRI തീയതി,തിരുവനന്തപുരം, 20-01-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 530/2023/കൃഷി തീയതി 01/06/2023.
2. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 25.11.2024 ലെ ADFW/3572/2024- SB2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സപ്ലൈകോയിൽ പാഡി മാർക്കറ്റിങ് ഓഫീസർ തസ്തികയിൽ അന്യത്ര സേവന കാലയളവ് പൂർത്തിയാക്കിയ ശ്രീ. അനിൽ കെ ആന്റോ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ 11/05/2023 ന് കൃഷി ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യുകയും തുടർന്ന് ടിയാൾക്ക് വണ്ടിപ്പെരിയാർ സ്റ്റേറ്റ് വെജിറ്റബിൾ ഫാം സൂപ്രണ്ട് കാര്യാലയത്തിൽ പരാമർശം (1) പ്രകാരം നിയമനം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ടിയാൻ 02/06/2023 പൂർവ്വാഹ്നം ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയുണ്ടായെന്നും ഈ കാലയളവിൽ വകുപ്പിൽ ഒരു കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഒഴിവ് നികത്തപ്പെടാതെ നിലവിലുണ്ടായിരുന്നുവെന്നും ടിയാൾ നിയമനത്തിനായി കാത്തിരുന്ന 11/05/2023 മുതൽ 01/06/2023 വരെയുള്ള കാലയളവ് ക്രമീകരിച്ച് ഉത്തരവാകണമെന്നും പരാമർശം (2) കത്ത് പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം (2) ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ.അനിൽ.കെ.ആന്റോ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, നിയമനത്തിനായി കാത്ത് നിന്ന 11/05/2023 മുതൽ 01/06/2023 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം I ലെ ചട്ടം 12 (7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജാഫർഖാൻ.എസ്**

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീ.അനിൽ.കെ.ആന്റോ (കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA1/244/2024-AGRI)**

ഉത്തരവിൻ പ്രകാരം

Signed by
Aswathi S Poonkavanam
Date: 21-01-2025 11:04:54

സെക്ഷൻ ഓഫീസർ